ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അറിവില്ല.

ശ്രീ. വറുഗീസ് അഗസ്റ്റിൻ : ഈ റോഡിന്റെ വക്കിനു് എസ്റ്റിമേറ്റു് റിവൈസു് ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അറിഞ്ഞുകൂടാ.

VANCHI POOR FUND

Sahib Bahadur V. A. Abdul Aziz: I may be permitted to put this question of Mr. Eapen Arakkal, as he is absent.

Mr. Speaker : Yes.

*275. [15] **Sri. Eapen Arakkal :** **Will the hon. the Chief Minister be pleased to answer the following questions.—

(*a*) what is the amount that stands to the credit of the Vanchi Poor Fund at present; and

(*b*) is it now being utilised for any purpose; if so for what?

Minister for Public Works **(Sri. G. Chandrasekhara Pillai) :**

(*a*) Rs. 22,58,370.

(*b*) Yes; it is being utilised for the noon feeding of poor school children and for the daily morning feeding of the inmates of the Sri Chitra Home and the Ulloor Dharmalayam.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ് : ശ്രീ ചിത്രാ പൂവർ ഹോം ഈ ഫണ്ടുകൊണ്ടാണോ നടത്തുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : പൂവർഹോമിലെ കാലത്തുള്ള ആഹാരം ഇതിൽനിന്നും കൊടുക്കുന്നുണ്ടു്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ് : ശ്രീ ചിത്രാ പൂവർ ഹോം ഗവൺമെന്റിന്റെ അധീനതയിലുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടാണോ നടത്തുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അല്ല. അതിലേയ്ക്കു പ്രത്യേകം ഒരു കമ്മറ്റിയുണ്ടു്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ് : ആ കമ്മറ്റിയിൽ ഗവൺമെന്റിനു വിധേയമായി പ്രവർത്തിക്കുന്ന ആരെങ്കിലും ഉണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ഗവൺമെന്റു ഉദ്യോഗസ്ഥന്മാരും കണ്ടേയ്ക്കും.

ഇരുമ്പും ഉരുക്കും

*൨൭൩. (ഫ്രവ) ശ്രീ വി. കെ. വറുഗീസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൺട്രോൾവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇരുമ്പു്, ഉരുക്കു് ഇവയുടെ ഫർമിറ്റ്-ഫ്രീ ലേക്കു് ഈ സംസ്ഥാനത്തിനുള്ള കോട്ട എത്ര;

(ബി) അതിന്റെ വിതരണം സംബന്ധിച്ചുള്ള ചട്ടങ്ങൾ എന്തു്?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര) :

(എ) ഫർമിറ്റ്-ലും ഫർമിറ്റ്-ലെ നാലു കാർട്ടറിലേയ്ക്കും കൂടി ആകെ ൨,൨൭൫ ടൺ അനുവദിച്ചിട്ടുണ്ടു്.

(ബി) ഇൻഡ്യാ ഗവൺമെന്റിന്റെ അയൺ ആൻഡ് സ്റ്റീൽ കൺട്രോൾ പ്രൊഡക്ഷൻ ആൻഡ് എക്കിക്യൂഷൻ ഓർഡർ, ഫർമിറ്റ് പ്രകാരമാണു്.

**Put by Sahib Bahadur V. A. Abdul Aziz with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. വറുഗീസ് : അനുവദിച്ചിരുന്ന കോട്ടാ ഏതെങ്കിലും പ്രകാരത്തിൽ ലാപ്സായിപ്പോയിട്ടുണ്ടോ ?

ശ്രീ. കെ. എം. കോര : ലാപ്സായിപ്പോയിട്ടില്ല. എന്നാൽ അനുവദിച്ച കോട്ടാ മുഴുവനും നമുക്കു കിട്ടിയിട്ടില്ല.

ശ്രീ. വി. കെ. വറുഗീസ് : അനുവദിച്ച കോട്ടാ മുഴുവനും നമുക്കു ലഭിക്കുവാൻ നിവൃത്തിയില്ലേ ?

ശ്രീ. കെ. എം. കോര : ഗവൺമെന്റ് അതിനുവേണ്ടി കാര്യമായി ശ്രമിക്കുന്നുണ്ട്.

ശ്രീ. വി. കെ. വറുഗീസ് : ഇപ്പോഴും അനുവദിച്ചുവന്നിട്ടുള്ള സാധനങ്ങളിൽ ചിലതു് തുരുമ്പുപിടിച്ചു് ഉപയോഗശൂന്യമായി കിടക്കുകയാണെന്നു പരാതി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. എം. കോര : അങ്ങനെ പരാതിയുള്ളതായി അറിവില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : വളരെയധികം ആളുകൾ ഇരുമ്പുസാമാനങ്ങൾ കിട്ടാതെ വിഷമിക്കുന്നുവെന്നറിയാമോ ?

ശ്രീ. കെ. എം. കോര : അപേക്ഷകളുടെ ബാഹുല്യംകൊണ്ടു് അറിയാൻ കഴിയും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ആ നിലയ്ക്കു് അനുവദിച്ചിട്ടുള്ള കോട്ടാ മുഴുവനും തരുന്നതിനു പുറമെ കൂടുതൽ കോട്ടാ അനുവദിക്കുന്നതിനും കൂടി ഗവൺമെന്റ് വേണ്ട നിവേദനം നടത്തുമോ ?

ശ്രീ. കെ. എം. കോര : നിവേദനം നടത്തിക്കൊണ്ടിരിക്കുന്നുണ്ടു്. ഇതിലേയ്ക്കു പ്രത്യേകമായി ശ്രീ. സി. എൻ. ജേക്കബ്ബിനെ ഡൽഹിയിലും കൽക്കട്ടയിലും മറ്റും അയച്ചു നിവേദനം നടത്തിയിട്ടും ഉണ്ടു്.

ശ്രീ. വി. കെ. വറുഗീസ് : ഗവൺമെന്റിനു ആവശ്യമായ സാധനങ്ങൾ മാത്രം ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ വച്ചുകൊണ്ടിരിക്കുകയും ബാക്കിയുള്ളതു പൊതുജനങ്ങൾക്കു വിതരണം ചെയ്യുകയും അരുതോ ?

ശ്രീ. കെ. എം. കോര : 60 ശതമാനം മാത്രമെ ഗവൺമെന്റ് എടുക്കുന്നുള്ളൂ. ബാക്കിയുള്ളതു പൊതുജനങ്ങൾക്കു കൊടുത്തിരിക്കുകയാണു്.

മാവേലിക്കര ജില്ലാക്കോടതി

*൨൭൭. (പ്രൻ) ശ്രീ. വി. കെ. വറുഗീസ് : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ജുഡീഷ്യൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

1൯൫൭ ആഗസ്റ്റ് മുതൽ മാവേലിക്കര ജില്ലാക്കോടതിയിലെ അസൽകേസുകളുടെ എണ്ണം, അപ്പീലുകളുടെ എണ്ണം ഇവ എത്ര ?

വ്യവസായവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ) : 1൯൫൭ ആഗസ്റ്റ് മുതൽ മാവേലിക്കര ജില്ലാക്കോടതിയിലെ ഒന്നാംബഞ്ചിലുള്ള അസ്സൽ കേസുകളുടെ എണ്ണം ൨൩൯. രണ്ടാം ബഞ്ചിലുള്ള അസ്സൽ കേസുകളുടെ എണ്ണം 1൩൦. അപ്പീൽക്കേസുകളുടെ എണ്ണം ഒന്നാംബഞ്ചിൽ ൭൪൭. രണ്ടാംബഞ്ചിൽ ൩൩൨.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : മാവേലിക്കര കോടതിയിലുള്ള കേസുകളിൽ ഭൂരിപക്ഷവും തിരുവല്ലാ കോടതിയുടെ അധികാരപരിധിയിൽപ്പെട്ടതല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly